**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2958** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരായ പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിപ്രകാരം 04.03.2023-ലെ റവന്യൂ വകുപ്പിന്റെ 1047/2023 നമ്പർ ഉത്തരവ് പ്രകാരം സ്ഥലവില അംഗീകരിച്ച് നൽകിയിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ 32.10 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 04.03.2023-ലെ റവന്യൂ വകുപ്പിന്റെ 1047/2023/റവ നമ്പർ ഉത്തരവ് പ്രകാരം സ്ഥലവില അംഗീകരിച്ച് നൽകിയിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ 32.10 ആർ സ്ഥലം 18.10.2023 തീയതിയിൽ ഞാറയ്ക്കൽ സബ് രജിസ്ട്രാർ ഓഫീസിൽ ആധാരം രജിസ്റ്റർ ചെയ്ത് ടി.ആർ.ഡി.എം. ജില്ലാ മിഷൻ ചെയർമാനായ ജില്ലാ കളക്ടറുടെ പേരിൽ വാങ്ങിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുത്ത് അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | എളങ്കുന്നപ്പുഴ വില്ലേജ് സർവ്വെ നം. 690/2, 690/3, 690/7, 690/9 ഉൾപ്പെട്ടിട്ടുള്ള 32.10 ആർ വസ്തു 3 സെന്റ് വീതമുള്ള പ്ലോട്ടുകളായി തിരിച്ച് നൽകുന്നതിന് കൊച്ചി തഹസിൽദാർക്ക് നിർദ്ദേശം നൽകുന്നതിന് മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ചാപ്പാകടപ്പുറത്ത് താമസിക്കുന്ന എസ്.ടി കുടുംബങ്ങളെ പ്രസ്തുത പദ്ധതിപ്രകാരം പുനരധിവസിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ജില്ലാ കളക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ 32.10 ആർ സ്ഥലം 3 സെന്റ് വീതമുള്ള പ്ലോട്ടുകളാക്കി തിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പ്ലോട്ടുകളായി തിരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് ചാപ്പാകടപ്പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ